നം.കെ.എസ്.എ-കെ.ടി.എം.പി-13-1933 /2016 തീയതി:13.12.2016

# കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2016 മുതൽ 30.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.സിനി.എം.വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.12.2016 മുതൽ 09.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ.ആർ, ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഉണ്ണികൃഷ്ണൻ.സി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി ജയകുമാരി അമ്മ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.യോഗേഷ്.ആർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. റോസിലി ജോസ് | 1.4.2015 മുതൽ 31.10.2015 വരെ |
| | ശ്രീമതി.വത്സല.കെ | 1.10.15 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ.വി.ജി.ജയകുമാർ | 1.4.2015 മുതൽ 31.3.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മുഹമ്മദ് റഫീബ്.റ്റി.എസ് | 1.4.2015 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.എം.റഹിം | 1.4.2015മുതൽ 31.3.16വരെ |
| കൃഷി ഓഫീസർ | ശ്രീ.എം.റ്റി.മുത്ത് സ്വാമി<br>ശ്രീ.ആർ.വേണുഗോപാൽ | 1.4.15 മുതൽ 30.5.15 വരെ<br>1.6.15 മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.അജയ് കുരുവിള<br>ഡോ.സുബിൻ.എം.എസ് | 1.4.15 മുതൽ 3.3.16വരെ<br>4.3.16 മുതൽ 31.3.16 വരെ |

| | | |
|---|---|---|
| വി.ഇ.ഒ. | ശ്രീ.സിയാദ്.വി.എ | 1.4.15മുതൽ 31.3.16 വരെ |
| | ശ്രീ.അജികുമാർ.വി.ആർ | 1.4.15 മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.സന്ധു സുധാകരൻ | 1.4.15 മുതൽ 31.3.16 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ഗീതാമോൾ.സി | 1.4.15 മുതൽ 31.3.16വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 പൊതു അവലോകനം |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യ പത്രിക |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വേരിഫിക്കേഷൻ |
| 1-10 | ആഭ്യന്തര നിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2-1 | വസ്തുനികുതി പരിഷ്കരണം- ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിരക്കുകൾ നിർണ്ണയിക്കേണ്ടതാണ്. |
| 2-2-2 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വിഭജിച്ച് നികുതി നിർണ്ണയിച്ചത് മൂലം നഷ്ടം |
| 2-2-3 | കെട്ടിടങ്ങൾക്ക് അനർഹമായ വസ്തുനികുതിയിളവ് നൽകി |
| 2-2-4 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്കരണത്തിൽ അപാകതകൾ |

| | |
|---|---|
| 2-3 | തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-4 | ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് വാടകക്ക് എടുത്തിരിക്കുന്നവർ ഡി ആൻഡ് ഒ ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി അടക്കാതെയും പ്രവർത്തിക്കുന്നു. |
| 2-5 | ഷോപ്പിംഗ് കോംപ്ലക്സ് വാടക- സെക്യൂരിറ്റി നിക്ഷേപം സംബന്ധിച്ച കൃത്യമായ കണക്കുകളില്ല |
| 2-6 | ദുരിതാശ്വാസനിധി-രസീത് ബുക്കുകൾ പരിശോധനക്കായി ഹാജരാക്കിയില്ല-നടപടികൾ ക്രമപ്രകാരമല്ല. |
| | ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | കുഴൽ കിണറുകളുടെ നിർമ്മാണം- ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 1025970 രൂപ മുടങ്ങിക്കിടക്കുന്നു. |
| 3-2 | അങ്കണവാടികളുടെ വൈദ്യുതീകരണം – കറന്റ് കണക്ഷന് പ്രോജക്റ്റ് രൂപീകരിച്ചില്ല- ചെലവ് തടസ്സപ്പെടുത്തുന്നു. |
| 3-3 | പഞ്ചായത്തിലെ വൈദ്യുതവിളക്കുകളുടെ കറന്റ് ചാർജ്- അയഥാർത്ഥമായ കണക്കുകളിൻമേൽ കെ.എസ്സ്.ഇ.ബി ലിമിറ്റഡ് വലിയ തുക ഈടാക്കുന്നു. |
| 3-4 | ആവശ്യാധിഷ്ഠിതമല്ലാത്ത പർച്ചേസ്- ഹൈ സ്പീഡ് സ്കാനർ ഉപയോഗിക്കുന്നില്ല. |
| 3-5 | ഭവനപുനരുദ്ധാരണത്തിനുള്ള തുക ഡി.ഡിയായി കൈവശം സൂക്ഷിക്കുന്നു. |
| 3-6 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൗരറാന്തൽ- സൗരറാന്തലുകളുടെ വിതരണം പൂർത്തിയായിട്ടില്ല. |
| 3-7 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ- പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. |
| 3-8 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ്-ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടില്ല. |
| 3-9 | കാലിത്തീറ്റ വിതരണം അധിക സബ്സിഡി നൽകി |
| 3-10 | കാർഷിക വിപണനകേന്ദ്രം മെയിന്റനൻസ്- പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ |
| 3-11 | ചൊവ്വാലി അങ്കണവാടി-മോട്ടോർ,പൈപ്പ്,ടാങ്ക് സ്ഥാപിക്കൽ-വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തതിനാൽ പ്രവർത്തനക്ഷമമായില്ല. |
| 3-12 | ടാറിംഗ് പ്രവർത്തികൾ ബിറ്റുമിന്റെ ബാരൽ വില ഈടാക്കിയില്ല. |
| 3-13 | ആലപ്രാ സ്കൂൾ കഞ്ഞിപ്പുര- സ്ട്രക്ചർ മാത്രമായി എസ്റ്റിമേറ്റ് തയാറാക്കി-പണിപൂർത്തീകരിച്ചിട്ടില്ല. |
| 3-14 | ആശ്രയ പദ്ധതി- ലക്ഷ്യത്തിലെത്തുന്നില്ല. |

| | |
|---|---|
| 3-15 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. |
| | ഭാഗം **4** പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

വാർഷിക ബജറ്റ് 22-02-2016 തിയതിയിലെ ക്രമനം നമ്പർ-10 തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 5098743 | 29814774 | 24716031 |
| വരവ് | 99558231 | 32685403 | (66872828) |
| ആകെ | 104656974 | 62500177 | (42156797) |
| ചെലവ് | 99592000 | 52955043 | (46636957) |
| നിക്കിയിരിപ്പ് | 5064974 | 9545134 | 4480160 |

## 1-2 വാർഷികധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ഹാർഡ് കോപ്പി ലഭിച്ച തീയതി | AIMS ൽ ഇ-സബ്മിഷൻ നടത്തിയ തീയതി |
|---|---|---|---|
| 2015-16 | 31.7.2016 | 08/08/2016 | 29.06.2016 |

## 1-3 വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം

വാർഷികകണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക നം-2-1ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29814774 |
| വരവ് | 32685403 |
| ആകെ | 62500177 |
| ചെലവ് | 52955043 |
| നീക്കിയിരിപ്പ് | 9545134 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസഫർ ക്രഡിറ്റ് | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2401719 | 733294 | 9361194 | 9361194 | 6226181 | 0 |
| വികസനഫണ്ട് എസ്.സി.പി. | 6552274 | 6381375 | 12633649 | 12633649 | (3082236) | 0 |
| വികസനഫണ്ട് ടി.എസ്.പി. | 685908 | 903908 | 1589816 | 1103908 | (485908) | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 4775602 | 4830426 | 10533683 | 10533683 | 927655 # | 0 |
| സംരക്ഷണഗ്രാന്റ് (നോൺ-റോഡ്) | 1843433 | 1477505 | 3320938 | 2393283 | (927655) | 0 |
| 13-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1133441 | 3692153 | 4825594 | 3929176 | (896418) | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2458772 | 1676233 | 4135005 | 2373386 | (1761619) | 0 |

# കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിന് മുൻപ് 927655 രൂപ എം.ജി (നോൺ -റോഡ്) വിഹിതത്തിൽ നിന്നും എം.ജി (റോഡ് ) ലേക്ക് അഡ്ജസ്റ്റ് ചെയ്തു. (ബ്രാക്കറ്റിൽ ഉൾപ്പെടുത്തിയവ-ve സംഖ്യകളാണ്.)

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 306 | 65244734 | 205 | 42217853 | 45 | 56 | 70 |

വാർഷിക പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ മോണിറ്ററിങ്ങ് നടപടികൾ ഓഡിറ്റിൽ വിലയിരുത്തിയതിൽ

ശ്രദ്ധയിൽപ്പെട്ട പ്രധാന നേട്ടങ്ങളും കോട്ടങ്ങളും ചുവടെ വിവരിക്കുന്നു.

<u>കോട്ടങ്ങൾ</u>

ഉത്പാദന മേഖലയിൽ കാർഷിക, മൃഗസംരക്ഷണ മേഖലകളിൽ നിരവധി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ പഞ്ചായത്ത് വിജയിച്ചിട്ടുണ്ട്.

ക്ഷീരവികസനത്തിനായി ആട് വളർത്തൽ, പശുവളർത്തൽ, കന്നുകുട്ടി പരിപാലനം, കാലിത്തീറ്റ വിതരണം എന്നീ പ്രോജക്ടുകൾ നടപ്പിലാക്കിയത് ശ്രദ്ധേയമാണ്.

സേവന മേഖലയിൽ നടപ്പിലാക്കിയ അങ്കണവാടി മെയിന്റനൻസ് കുഴൽ കിണർ നിർമ്മാണം എന്നിവ ശ്രദ്ധേയമായ പ്രോജക്ടുകളായിരുന്നു.

1-ഗ്രാമ സഭകളിലും പ്രവർത്തന കമ്മറ്റിയോഗങ്ങളിലും വികസനസെമിനാറിലും പതിവ് രീതിയിലുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ ഉയർന്നതല്ലാതെ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തലും പരിഹാര നിർദ്ദേശങ്ങളും ഉണ്ടായിട്ടില്ല. സോഷ്യൽ ഓഡിറ്റിങ്ങ് പ്രക്രിയ ഫലപ്രദമായിരുന്നില്ല.

2-ആവശ്യാധിഷ്ഠിതമായല്ല പല വാങ്ങലുകളും നടത്തുന്നത്. നിലവിലെ സാഹചര്യത്തിൽ ഉപയോഗിക്കാനാവാത്ത ഫ്ലാറ്റ് ബെഡ് സ്കാനർ സംബന്ധിച്ച് ഈ റിപ്പോർട്ടിന്റെ ഭാഗം-3 ൽ പരാമർശിച്ചിട്ടുണ്ട്.

3-ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിക്കുന്നതിനോടൊപ്പം എല്ലാ വ്യവസ്ഥകളും പൂർണ്ണമായി ഉൾപ്പെടുത്തി നിയമ സാധുത ലഭിക്കുന്ന വിധമുള്ള കരാർ ചമയ്ക്കുന്നതിൽ വീഴ്ച്ച വരുത്തിയിട്ടുണ്ട്. പലപ്പോഴും സമയക്രമം പാലിക്കപ്പെടുന്നില്ല. കുഴൽ കിണർ നിർമ്മാണം, അങ്കണവാടികളുടെ നിർമ്മാണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നിവക്ക് നൽകിയ തുകകളുടെ വിനിയോഗവിവരങ്ങൾ ലഭ്യമായിരുന്നില്ല.വിശദവിവരങ്ങൾ ഈ റിപ്പോർട്ടിന്റെ ഭാഗം-3 ൽ ചേർത്തിരിക്കുന്നു.

4-വൈദ്യുതീകരിക്കുന്ന കെട്ടിടങ്ങൾക്ക് സമയബന്ധിതമായി കറന്റ് കണക്ഷൻ ഏർപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഇത് സംബന്ധിക്കുന്ന പരാമർശം ഭാഗം-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5-തൻവർഷം നടപ്പിലാക്കിയ ഭവനപുനരുദ്ധാരണം പോലെയുള്ള വ്യക്തിഗത പ്രോജക്ടുകളും പശ്ചാത്തല മേഖലാപ്രോജക്ടുകളും നേട്ടങ്ങൾ പ്രദാനം ചെയ്തിട്ടുണ്ട്. എങ്കിലും ആധികാരികമായ രീതിയിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള പ്രോജക്ട് പൂർത്തീകരണ പത്രങ്ങളും മോണിറ്ററിങ്ങ് റിപ്പോർട്ടുകളും അതാത് പ്രോജക്ട് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കപ്പെട്ട തുകയ്ക്കനുസൃതമായി ഭൗതീക നേട്ടം കൈവരിച്ചിട്ടുണ്ടോയെന്ന് രേഖാപരമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6- വിതരണക്കാർ ലഭ്യമാക്കുന്ന സാധനങ്ങൾ പ്രവർത്തനയോഗ്യമായ അവസ്ഥയിൽ ലഭ്യമായിട്ടുള്ളത് എന്ന് ഉറപ്പാക്കുക നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതലയാണ്. എന്നാൽ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വാങ്ങിയ സൗരറാന്തലുകളിൽ കുറെയെണ്ണം വിതരണസമയത്ത് തന്നെ പ്രവർത്തന രഹിതമായിരുന്നു. ഇത് സംബന്ധിക്കുന്ന പരാമർശം ഭാഗം-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

7) സർക്കാർ നിർദ്ദേശ പ്രകാരം മീഡിയാശ്രീ എന്ന പ്രോജക്ട് നടപ്പാക്കുന്നതിലേക്കായി കുടുംബശ്രീ മിഷനു കൈമാറുന്നതിന് 65000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി.യാക്കി സൂക്ഷിച്ചെങ്കിലും യഥാസമയം കുടുബശ്രീയുമായി കരാറിൽ ഏർപ്പെടുവാൻ കഴിയാഞ്ഞതിനാൽ ടി തുക പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെയൊടുക്കി. യഥേഷ്ടാനുമതി മാത്രമായിരുന്ന ടി പ്രോജക്റ്റിന്റെ നടത്തിപ്പിന് സർക്കാർ നൽകിയെതെന്നിരിക്കെ വേണ്ടത്ര ചർച്ചകളില്ലാതെ തുക പിൻവലിച്ചതും നടപ്പാക്കാനാകാതെ തിരികെയൊടുക്കിയതും പദ്ധതിയുടെ കോട്ടമായി.

## 1-7 <u>തനത് വരുമാനം</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം. -.01 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2506474 | 2385040 | (121434) | -.048 |
| നികുതിയേതര വരവുകൾ | 780276 | 852838 | 72562 | .097 |

| | | | | |
|---|---|---|---|---|
| ആകെ | 3286750 | 3237878 | (48872) | -.01 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 131760 | 66 |
| കർഷകതൊഴിലാളി പെൻഷൻ | 2298900 | 236 |
| വിധവാപെൻഷൻ | 6663600 | 599 |
| വാർദ്ധക്യകാലപെൻഷൻ | 5096460 | 846 |
| വികലാംഗപെൻഷൻ | 2310400 | 221 |
| അൻപത് വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 286640 | 26 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന -12-16 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1844/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. ഇംപ്രസ്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള ഇംപ്രസ്റ്റ് ഭൗതികപരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങൾ, വിവിധ സെക്ഷനുകളുടെ ജോലിവിഭജനം എന്നിവ ഓഫീസ് ഉത്തരവ് മുഖാന്തിരം ആധികാരികമാക്കി സൂക്ഷിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

തനത് ഫണ്ട് വരവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ താഴെ പറയുന്ന രജിസ്റ്റർ പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1) വസ്തുനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരങ്ങൾ സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് രാജ് ആക്റ്റിലെ 207 വകുപ്പ് പ്രകാരം വസ്തുനികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും അവ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടതിനുള്ള കാരണങ്ങളും ഒരു പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചു പോരേണ്ടതാണെന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങൾ, ചട്ടം 3(6) നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇപ്രകാരം ഒരു രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. നികുതി ഉപ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും അവ നിയമപരമായി തന്നെയാണോ ഒഴിവാക്കപ്പെട്ടതെന്ന് വ്യക്തമല്ല.

വൗച്ചറുകളുടെ സൂക്ഷിപ്പ്-

വൗച്ചറുകൾ മാസാടിസ്ഥാനത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകളിലെ ചെലവുകളെ സാധൂകരിക്കുന്ന അനുബന്ധ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്. എന്നാൽ താഴെ പറയുന്ന രജിസ്റ്ററുകൾ പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1)തെരുവ് -വിളക്കുകളുടെ ഇനം, തരം വാർഡ് തിരിച്ചുള്ള എണ്ണം എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ

2) 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണചെലവുകൾ) ചട്ടങ്ങൾ ചട്ടം-5 പ്രകാരം അസാധാരണ ചെലവുകൾക്ക് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ഇപ്രകാരമുള്ള ഒരു രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

തനത് ഫണ്ട് പിരിവ്- തൊഴിൽ നികുതി, തൻവർഷ വാടക എന്നിവ പിരിച്ചെടുക്കുന്നതിൽ പഞ്ചായത്ത് പൂർണ്ണമായും വിജയിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് സംവിധാനം- ഫ്രണ്ട് ഓഫീസ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നു. ഫ്രണ്ട് ഓഫീസുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകളുടെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ---/12/2016 | 11/16 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/4/16-/27/04/16 | 2011-12<br>2014-15 | ലഭിച്ചിട്ടില് |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

വാർഷിക ധനകാര്യപത്രിക നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു.

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനതകൾ ഉണ്ട്.

1) 26.07.2011 ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

(2)വാടകക്ക് പഞ്ചായത്ത് ആസ്തികൾ കൈവശം വച്ചിരിക്കുന്നവരിൽ നിന്നും റെന്റ് ഡെപ്പോസിറ്റ് (കരുതൽ ധനം) വാങ്ങിയതായി ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഉണ്ടെങ്കിലും വാർഷിക കണക്കുകളിൽ ഇത് പ്രതിഫലിക്കുന്നില്ല.
(3)PRAN ബാധകമായിട്ടുള്ള ജീവനക്കാരിൽ നിന്നും ഈടാക്കിയ പെൻഷൻ കോൺട്രിബ്യൂഷന് തത്തുല്യമായ തുക (എംപ്ലോയറുടെ വിഹിതം-പഞ്ചായത്ത് വിഹിതം) 31-03-2016 ലെ ബാധ്യതയായി B-9 പട്ടികയിലുൾപ്പെടുത്തിയിട്ടില്ല.

(4) അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് 2012-13 വർഷം 11,64,074 രൂപ നൽകിയിട്ടുണ്ടെങ്കിലും ടി തുകകൾ സംബന്ധിക്കുന്ന വിവരങ്ങൾ ബാലൻസ് ഷീറ്റിലെ B-4 പട്ടികയിൽ ഉൾപ്പെടുന്നില്ല.

(5) ആശ്രയ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി 21-07-2010 ൽ പഞ്ചായത്തിൽ ലഭിച്ച ചലഞ്ച് ഫണ്ട് 30355 രൂപ കുടുബശ്രീക്ക് കൈമാറിയിട്ടില്ല. ടി തുക ബാലൻഷീറ്റിൽ B-4 പട്ടികയിൽ ഉൾപ്പെടുത്തിയില്ല.

(6) വാർഷിക കണക്കുകൾ പ്രകാരമുള്ള തൻവർഷ വസ്തുനികുതി, വസ്തുനികുതി കുടിശ്ശിക എന്നിവയുടെ കണക്കുകളും പഞ്ചായത്തിന്റെ ഈ ഇനത്തിലുള്ള ഡിമാൻഡും വരവും കുടിശ്ശികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

(7) മുൻ വ്വഷം പദ്ധതി ചെലവായി കാണിച്ചിരുന്ന ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കൽ i-9 പട്ടിക പ്രകാരം തൻവർഷ വരവായി കാണിച്ചിരിക്കുന്നു. രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള ചെലവുകൾ interventions in environmental sector എന്ന ഹെഡ്ഡിൽ നിന്നും നൽകി വരുന്നു. പദ്ധതിപണം ഇപ്രകാരം മുൻകൂർ പിൻവലിച്ചത് ശരിയായ നടപടിയല്ല. വീണ്ടും വരവായി ഇത് അക്കൗണ്ടിംഗ് നടത്തിയത് തുകയുടെ ഇരട്ടിപ്പിന് കാരണമായി.
8) ഓഡിറ്റ് റിക്കവറിയുടെ വിവരങ്ങൾ വാർഷിക കണക്കുകളിലെ നിശ്ചിത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.
വാർഷിക കണക്കുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2-1 വസ്തുനികുതി പരിഷ്കരണം- ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ

### അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പുനർനിർണ്ണയിക്കേണ്ടതാണ്

വസ്തുനികതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം. 36/2015/തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ താഴെ പറയുന്ന ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

| ഉപയോഗക്രമം | കുറഞ്ഞനിരക്ക് | കൂടിയനിരക്ക് |
|---|---|---|
| സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് | 3 | 8 |
| മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006(2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |

എന്നാൽ പഞ്ചായത്ത് ഭരണസമിതി മേൽ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് തീരുമാനിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6) ലഭ്യമാക്കിയ മറുപടിയിൽ അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ ഭേദഗതി ഉത്തരവ് പ്രകാരമുള്ള വിജ്ഞാപനം പഞ്ചായത്ത് നടത്തേണ്ടതും നിരക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 2-2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വിഭജിച്ച് നികുതി നിർണ്ണയിച്ചതുമൂലം നികുതി നഷ്ടം

ഒരു കെട്ടിടത്തിൽ തന്നെ വ്യത്യസ്ത ഭാഗങ്ങൾ ഒരാളിന്റെ തന്നെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തക്കതായ കാരണത്താൽ (നാലാം ചട്ടം ഒന്നാം ഉപചട്ടം) മാത്രം വ്യത്യസ്ത നമ്പരുകൾ നൽകി നികുതി ചുമത്തേണ്ടതാണെന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ ചട്ടം 3(4) നിഷ്കർഷിക്കുന്നത്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായി മണിമല ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (12.01.2012 ലെ I(b) നമ്പർ തീരുമാനം). എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടത്തെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100/-ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 30/-രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് വിവരം | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ) | നിർണയിച്ച അടിസ്ഥാന നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീറ്ററിന് 30 രൂപാ നിരക്കിൽ) | നിർണയിക്കേണ്ട അടിസ്ഥാന നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 50 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| IV/ | അലക്സ് തോമസ്, തീമ്പലങ്ങാട്ട്, | 246.06 | 7382+1477 (20%)=8859 | 12303+2461(20%) =14764 | 5905 |

| | | | | | |
|---|---|---|---|---|---|
| 457A to F | പൊന്തൻപുഴ | | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8) ടി കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2-3 കെട്ടിടങ്ങൾക്ക് അനർഹമായ വസ്തുനികുതി ഇളവ് നൽകി

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ റവന്യൂമൊഡ്യൂൾ-പ്രോപ്പർട്ടി ടാക്സ് പരിശോധിച്ചതിൽ, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ -207 പ്രകാരം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ലിസ്റ്റിൽ നിയമപരമായി നികുതി ഒഴിവാക്കപ്പെടേണ്ട കെട്ടിടങ്ങൾക്ക് പുറമേ നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങളും ഉൾപ്പെട്ടതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ വിവരം | വിസ്തീർണ്ണം (ച.മീറ്ററിൽ) |
|---|---|---|---|
| 1 | VII/416 A | എസ്.സി.ഡെവലപ്പ്മെന്റ് ഓഫീസർ,കാഞ്ഞിരപ്പിള്ളി ബ്ലോക്ക് | 50 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.17) മറുപടിയായി ടി കെട്ടിടത്തിന് നികുതി ചുമത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്കരണത്തിൽ അപാകതകൾ

ജി.ഒ.(എം.എസ്.) 19/11/തസ്വഭവ തീയതി 14.01.11 ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.01.2012 ലെ I(b)നമ്പർ തീരുമാനപ്രകാരം മൊബൈൽ ടവറുകളിൽ നിന്നുള്ള വസ്തുനികുതി ചതുരശ്രമീറ്ററിന് 500 രൂപ നിരക്കിൽ പരിഷ്കരിക്കുവാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 6 ടവറുകളുടെ പരിഷ്കരിച്ച വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അസ്സസ്സ്മെന്റ് നം | ടവർ കമ്പനി | വിസ്തീർണ്ണം(ച.മീറ്ററിൽ) | അടിസ്ഥാനനികുതി+ ലൈബ്രറി സെസ്+ സേവന നികുതി |
|---|---|---|---|---|
| 1 | I/333 K | റിലയൻസ് ഇൻഫർമേഷൻ ലിമിറ്റഡ് | 10 | 3500+175+630 |
| 2 | I/333 L | ഭാരതി ഇൻഫ്രാടൽ ലിമിറ്റഡ് | 2 | 800+40+144 |
| 3 | II/23 K | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 3 | 1200+60+216 |
| 4 | VI/50 K | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 10 | 3500+175+630 |
| 5 | XII/33 B | ഡബ്ല്യൂ.റ്റി.റ്റി.കെ | 10 | 4500+225+810 |
| 6 | XII/192 F | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 5 | 1500+75+270 |

ഇവയുടെ നികുതി പരിഷ്കരണം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടി കമ്പനികൾക്ക് പുതുക്കിയ നികുതി അടയ്ക്കുന്നതിനായി നാളിതുവരെ ഡിമാന്റ് നോട്ടീസ് അയച്ചിട്ടില്ല.ആയതിനാൽ ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട വലിയ തുക നഷ്ടമാകുന്ന സാഹചര്യമാണുള്ളത്.
2. നികുതി നിർണ്ണയിച്ച ടവറുകളുടെ വിസ്തീർണ്ണം വളരെ കുറവാണ്.ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗവും (ടവർ നിൽക്കുന്ന സ്ഥലം - ഫൗണ്ടേഷനും, അനുബന്ധ മുറികൾക്കും ഉൾപ്പെടെ) വിസ്തീർണ്ണത്തിനായി പരിഗണിച്ചിട്ടില്ല.
3. ഗ്രാമപഞ്ചായത്ത് പരിധിയിൽ ബി.എസ്.എൻ.എൽ കമ്പനിയുടെ ഉടമസ്ഥതയിൽ കോന്നക്കുളം, പൊന്തൻപുഴ,മണിമല എന്നിവിടങ്ങളിൽ ടവറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയുടെ നികുതി പരിഷ്കരണം നടത്തിയിട്ടില്ല.
4. ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റെടുത്ത എല്ലാ ടവറുകളുടേയും വസ്തുനികുതി പരിഷ്കരിച്ചുവെന്ന് ഉറപ്പാക്കിയിട്ടില്ല.
5. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം. 40395/RC2/2014/LSGD വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.7) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് .ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മുഴുവൻ മൊബൈൽ ടവറുകളേയും കണ്ടെത്തി അവയുടെ കൃത്യമായ വിസ്തീർണ്ണം തിട്ടപ്പെടുത്തി നികുതി നിർണ്ണയിക്കേണ്ടതും നികുതി കുടിശ്ശിക സഹിതം ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി-ഈടാക്കിയിട്ടില്ല

തൊഴിൽനികുതി പരിധിയിൽ വരാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

I സിറിയക് ചവറ മെമ്മോറിയൽ അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ

II അഗ്രികൾച്ചർ ഇംപ്രൂവ്മെന്റ് കോപ്പറേറ്റീവ് സൊസൈറ്റി, മണിമല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിവ് നിന്നും തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ആധാരം എഴുത്തുകാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആധാരം എഴുത്തുകാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ആധാരമെഴുത്തുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ബോധിപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-4 ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് എടുത്തിരിക്കുന്നവർ ഡി& ഒ ലൈസൻസ് എടുക്കാതെയും തൊഴിൽനികുതി അടയ്ക്കാതെയും പ്രവർത്തിക്കുന്നു

ഗ്രമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 20 മുറികൾ കൃഷിഭവൻ കെട്ടിടം , ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, മെയിൻ ബിൽഡിംഗ് ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിലായി 15-16 വർഷം വാടകയ്ക്കായി നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ താഴെ പറയുന്നവർ 15-16 വർഷം ഡി& ഒ ലൈസൻസ് എടുക്കുകയോ തൊഴിൽനികുതി അടയ്ക്കുകയോ

ചെയ്തതായി കാണുന്നില്ല.

1.കൃഷിഭവൻ കെട്ടിടം

റൂം നം.1-ശ്രീ.ജോർജ്ജ് തോമസ്,വളയത്ത്

2.മെയിൻ ബിൽഡിംഗ് ഷോപ്പിംഗ് കോംപ്ലക്സ്

റൂം നം.1-എൻ.കെ.വാവച്ചൻ,നല്ലേപ്പറമ്പിൽ

റൂം നം.2-ജോണിക്കുട്ടി തോമസ്,കുളങ്ങര

റൂം നം.3-സിബി ആന്റണി,മേലേടത്ത്

റൂം നം.4-ജോസഫ് മാത്യു,വാളിപ്ലാക്കൽ

റൂം നം.5-ജോർജ്ജ് ജോസഫ്,മുണ്ടപ്ലാക്കൽ

റൂം നം.6-ഉഷ അപ്പുക്കുട്ടൻ,കാപ്പിയിൽ

റൂം നം.7-ജോഷി തോമസ്,ചാലിത്തോട്ടം

റൂം നം.8-ഉണ്ണികൃഷ്ണൻ,ശ്രീമംഗലം

3.ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്

റൂം നം.1-ബിജു തോമസ്,വളയത്ത്

റൂം നം.3-സോജൻ തോമസ്,വെള്ളാറപ്പള്ളി

റൂം നം.4-ബിനു മാത്യു,വാളിപ്ലാക്കൽ

റൂം നം.5-ഫിലോമിന മാത്യു,ചാലിത്തോട്ടം

റൂം നം.6,7-ബിജു തോമസ്,വളയത്ത്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.14)മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ പരിശോധന നടത്തി സ്ഥാപന ഉടമകളിൽ നിന്നും ഫീസ് ഈടാക്കി ലൈസൻസ് നൽകേണ്ടതും തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്.

## 2-5 ഷോപ്പിംഗ് കോംപ്ലക്സ് വാടക-സെക്യൂരിറ്റി നിക്ഷേപം സംബന്ധിച്ച കൃത്യമായ കണക്കില്ല

ഗ്രമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 20 മുറികൾ കൃഷിഭവൻ കെട്ടിടം , ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, മെയിൻ ബിൽഡിംഗ് ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിലായി 15-16 വർഷം വാടകയ്ക്കായി നൽകിയിട്ടുണ്ട്. വാടക സംബന്ധിച്ച് ഭരണസമിതി അംഗീകരിച്ച ബൈലോ ലഭ്യമാക്കിയിട്ടില്ല. വാടകക്കാരുമായി ഏർപ്പെട്ട കരാറിൽ ലേലം സ്ഥിരപ്പെടുത്തിയവരുടെ ഡെപ്പോസിറ്റ് അവരുടെ പേരിൽ ലേല സെക്യൂരിറ്റിയായി പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കുന്നതായിരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുത സെക്യൂരിറ്റി നിക്ഷേപം സംബന്ധിച്ചുള്ള കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുകയോ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇത് സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ നിലവിൽ എത്ര തുക വാടകയുടെ സെക്യൂരിറ്റി നിക്ഷേപ ഇനത്തിൽ പഞ്ചായത്തിന് ബാദ്ധ്യതയുണ്ട് എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15) മറുപടി ലഭ്യമാക്കിയില്ല.മേൽ സാഹചര്യത്തിൽ വാടകയുടെ സെക്യൂരിറ്റി നിക്ഷേപം സംബന്ധിച്ച കൃത്യമായ കണക്കുകൾ തയ്യാറാക്കി അവ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതും വാടക രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

## 2-6 ദുരിതാശ്വാസ നിധി-രസീത് ബുക്കുകൾ പരിശോധനക്കായി ഹാജരാക്കിയില്ല-

## നടപടികൾ ക്രമ പ്രകാരമല്ല

പഞ്ചായത്ത് ഭരണസമിതിയുടെ 16.12.15 ലെ VI-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. ആയതിലേക്കായി 20 രസീത് ബുക്കുകൾ അച്ചടിച്ച് സ്റ്റോക്കിൽ രേഖപ്പെടുത്തുകയും അതിൽ 8 എണ്ണം ഭരണസമിതി അംഗങ്ങൾക്കും ഒരെണ്ണം സെക്രട്ടറിക്കും പണം പിരിവിനായി നൽകിയിട്ടുമുണ്ട്. ഇതിൽ ഭരണ സമിതി അംഗങ്ങൾക്ക് നൽകിയിട്ടുള്ള 1,5 നമ്പർ രസീത് ബുക്കുകൾ ഓഡിറ്റിൽ പരിശോധിക്കുന്നതിനായി ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ 2,3,4,6,7,8,9 നമ്പർ രസീത് ബുക്കുകളിൽ 2,4 നമ്പർ ബുക്കുകൾ നാളിതുവരെ ഉപയോഗിച്ച് ഉടങ്ങിയിട്ടില്ല.ഒരു രസീത് ബുക്കിലും സെക്രട്ടറി എണ്ണൽ സാക്ഷ്യപത്രം രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

മണിമല സർവ്വീസ് സഹകരണ ബാങ്കിന്റെ കരിക്കാട്ടൂർ ശാഖയിൽ ദുരിതാശ്വാസ നിധിയുടെ ആവശ്യത്തിലേക്കായി ഒരു അക്കൗണ്ട് (നം.2520) 04.07.2016 ലാണ് ആരംഭിച്ചിട്ടുള്ളത്. എന്നാൽ ലഭ്യമായ രസീത് ബുക്കുകൾ പരിശോധിച്ചതിൽ 14.01.2016 മുതൽ തന്നെ ഈ ഇനത്തിൽ പണം പിരിവ് ആരംഭിച്ചിട്ടുള്ളതായി കാണുന്നു. അന്ന് മുതൽ ലഭ്യമായ തുകകൾ 04.07.2016 മുതൽ മാത്രമാണ് അക്കൗണ്ടിൽ നിക്ഷേപിച്ച് ഉടങ്ങിയത്. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിങ്ങ് ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം കാഷ്, ചെക്ക്, മണിയോർഡർ, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. വിദൂര പ്രദേശങ്ങളായി സർക്കാർ നോട്ടിഫൈ ചെയ്യുന്ന പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ തുക അടയ്ക്കുന്നതിനുള്ള പരമാവധി സമയം ഒരാഴ്ച ആയിരിക്കുന്നതാണ്. കൂടാതെ ചട്ടം 18 (2) പ്രകാരം പഞ്ചായത്തിന് വേണ്ടി സ്വീകരിച്ച എല്ലാ പണവും അതേ ദിവസം തന്നെ കാഷ് ബുക്ക്/ബാങ്ക് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ദുരിതാശ്വാസ നിധിയുടെ വരവ് സംബന്ധിച്ച് പ്രസ്തുത ചട്ടങ്ങൾ ഗ്രാമപഞ്ചായത്തിൽ പാലിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് നം. | തീയതി | തുക | തുക അക്കൗണ്ടിൽ വരവ് വെച്ച ദിവസം |
|---|---|---|---|---|
| 1 | 06/251 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 100 | 18.07.16 |
| 2 | 06/252 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 50 | 18.07.16 |
| 3 | 06/253 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 50 | 18.07.16 |
| 4 | 06/254 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 50 | 18.07.16 |
| 5 | 06/255 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 50 | 18.07.16 |
| 6 | 06/256 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 50 | 18.07.16 |
| 7 | 03/101 | 23.01.16 | 20 | 03.12.16 |
| 8 | 03/102 | 23.01.16 | 20 | 03.12.16 |
| 9 | 07/301 | 14.01.16 | 50 | 02.12.16 |
| 10 | 07/302 | 16.01.16 | 50 | 02.12.16 |
| 11 | 07/303 | 26.01.16 | 100 | 02.12.16 |
| 12 | 07/304 | 26.01.16 | 50 | 02.12.16 |
| 13 | 08/351 | 14.01.16 | 50 | 01.12.16 |

| | | | | |
|---|---|---|---|---|
| 14 | 09/401 | 12.03.16 | 10000 | 04.07.16 |
| 15 | 09/402 | 01.07.16 | 3100 | 04.07.16 |

രസീത് പ്രകാരം ലഭ്യമായ തുക പഞ്ചായത്തിൽ അടവാക്കാതെ വളരെ നാൾ കൈവശം സൂക്ഷിക്കുന്നതും തീയതി രേഖപ്പെടുത്താതെ രസീതുകൾ നൽകുന്നതും ശരിയായ നടപടിയല്ല.മാത്രമല്ല ദുരിതാശ്വാസ നിധിക്കായി ഒരു അക്കൗണ്ട് ആരംഭിക്കുന്നതിന് വളരെ നാൾ മുമ്പ് തന്നെ ഈ ഇനത്തിൽ പണം സ്വീകരിച്ചുതുടങ്ങിയതായും കാണുന്നു.മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.3)ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ദുരിതാശ്വാസനിധി ആവശ്യത്തിനായുള്ള പ്രത്യേക കാഷ് ബുക്ക്,മിനിട്സ് ബുക്ക്,രസീതി,ബാങ്ക് പാസ്സ് ബുക്ക് തുടങ്ങിയവ സെക്രട്ടറി സൂക്ഷിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. മേൽ സാഹചര്യങ്ങൾ പരിഗണിച്ച് ഭരണസമിതി അംഗങ്ങളുടെ കൈവശമുള്ള രസീത് ബുക്കുകൾ സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതും പിരിക്കുന്ന പണം കാലതാമസം വരാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. കൂടാതെ 1,5 നമ്പർ രസീത് ബുക്കുകൾ പരിശോധനക്കായി ഓഡിറ്റിൽഹാജരാക്കാതിരുന്നത് അത്യന്തം ഗുരുതരമായ കൃത്യവിലോപമാണ്. രസീതുബുക്കുകളുടെ സൂക്ഷിപ്പിന്റെ ഉത്തരവാദിത്വമുള്ള സെക്രട്ടറി ഈ വിഷയത്തിൽ വീഴ്ച വരുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത രസീതു ബുക്കുകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കുഴൽ കിണറുകളുടെ നിർമ്മാണം -ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 10,25,970 രൂപ മുടങ്ങിക്കിടക്കുന്നു.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി സെക്രട്ടറി, അസി.സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി കുഴൽ കിണർ നിർമ്മാണത്തിനായി വിവിധ പ്രോജക്റ്റുകൾ രൂപീകരിച്ച് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് പണം കൈമാറിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം കൈമാറിയ പണം ഉൾപ്പെടെ 10,25,970 രൂപ ഗ്രൗണ്ട് വാട്ടർ ഡെപ്പാർട്ട്മെന്റിന്റെ പക്കൽ വിനിയോഗവിവരങ്ങളില്ലാതെ അവശേഷിക്കുന്നുണ്ട്. (ഹെഡ്-460500204) . ഓഡിറ്റ് കാലയളവിൽ ₹4,43,720 ഈ ഇനത്തിൽ കൈമാറിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രങ്ങളോ തുടർ നിരീക്ഷണ റിപ്പോർട്ടുകളോ പ്രോജക്റ്റ് ഫയലുകളിൽ സൂക്ഷിക്കാത്ത സാഹചര്യത്തിൽ ഇതിനായി ആവിഷ്കരിച്ച താഴെ കൊടുക്കുന്ന പ്രോജക്റ്റുകളിലെ തുകകളുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോ.നമ | പ്രോ.പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് തുക | ഡി.ഡി നം |
|---|---|---|---|---|
| 189/16 | കുഴൽകിണർ നിർമ്മാണം | സെക്രട്ടറി | 221950 | 63850/19-02-16 |
| | | | 27065 | 63854/19-02-16 |
| | | | 83005 | 57976/6-04-16 |
| 232/16 | കുഴൽ കിണർ നിർമ്മാണം | സെക്രട്ടറി | 70500 | 57155/20-09-2016 |
| 207/16 | കുഴൽ കിണർ നിർമ്മാണം (എസ്.സി.പി ) | അസി.സെക്രട്ടറി | 41200 | 056884/19-08-2016 |

ആകെ-₹4,43,720

4,43,720 രൂപയുടെ വിനിയോഗവിവരം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. കൂടാതെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റിന്റെ പക്കൽ മുടങ്ങിക്കിടക്കുന്ന മുഴുവൻ പണത്തിന്റെയും വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് ചെയ്യാത്ത/അവശേഷിക്കുന്ന തുക ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 അങ്കനവാടികളുടെ വൈദ്യുതീകരണം- കറന്റ്കണക്ഷന് പ്രോജക്റ്റ് രൂപീകരിച്ചില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോ.നം-228/16

അടങ്കൽ-790000

ചെലവ്-700732

| തുക | ഡി.ഡി നം | തുക | ഡി.ഡി നം | തുക | ഡി.ഡി നം |
|---|---|---|---|---|---|
| 186694 | 56824/18-3-16 | 180022 | 56825/18-03-16 | 132493 | 57983/6-4-16 |
| 142870 | 58276/15-04-2016 | 8620 | 57983/6-4-16 | 8500 | 512281/<br>28-09-2015 |
| 1986 | IT | 7944 | VAT | 1986 | KCWWF |
| 1915 | IT | 7660 | VAT | 1915 | KCWWF |
| 1501 | IT | 6005 | VAT | 1501 | KCWWF |
| 1520 | IT | 6080 | VAT | 1520 | KCWW |

മണിമല ഗ്രാമപഞ്ചായത്തിന്റെ വൈദ്യുതീകരിക്കാത്ത 22 അങ്കണവാടികളുടെ വൈദ്യുതീകരണത്തിനായി 700732രൂപ ചെലവഴിച്ച് വൈദ്യുതീകരണം നടത്തിയിട്ടുണ്ട്. എന്നാൽ ഈ അങ്കണവാടികളിൽ കറന്റ് കണക്ഷൻ എടുക്കുന്നതിന് ഓഡിറ്റ് വർഷം പ്രോജക്റ്റ് രൂപീകരിച്ചിരുന്നില്ല. വൈദ്യുതീകരണത്തിന്റെ ഭാഗമായി ഫാൻ, എം.സി.ബി തുടങ്ങിയ വാറന്റി ബാധകമാകുന്ന ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതി കണക്ഷന്റെ അഭാവത്തിൽ ഇവയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനോ, പ്രവർത്തനത്തിലെ പോരായ്മകൾ വാറന്റിയിലൂടെ പരിഹരിക്കപ്പെടുന്നതിനോ സാധ്യമാകില്ല. പ്രോജക്റ്റുകൾ ആവിഷ്കരിക്കുമ്പോൾ അവയുടെ നടത്തിപ്പിന്റെ മുൻഗണനാക്രമം തെറ്റിക്കുന്നത് പൊതുപണത്തിന്റെ താൽക്കാലികമായ പാഴ്ചെലവായി വിലയിരുത്തുന്നു. അടിയന്തിരമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ഓഡിറ്റിൽ വിവരം അറിയിക്കുന്നത് വരെ ടി പ്രോജക്റ്റിൽ ചെലവഴിച്ച 7,00,732 രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 പഞ്ചായത്തിലെ വൈദ്യുതി വിളക്കുകളുടെ കറന്റ് ചാർജ് -അയതാർത്ഥമായ കണക്കുകളിൻ മേൽ കെ.എസ്സ്.ഇ.ബി ലിമിറ്റഡ് വലിയ തുക ഈടാക്കുന്നു.

മണിമല ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ പ്രതിമാസ വൈദ്യുതി ചാർജ് 37286 രൂപയാണ്. (കൺസ്യൂമർ നം-94) കെ.എസ്സ്.ഇ.ബിയിൽ നിന്നും ടി തുക ഈടാക്കുന്നതിന് അടിസ്ഥാനമാക്കുന്ന വൈദ്യുതി വിളക്കുകളുടെ തരം തിരിച്ചുള്ള കണക്ക് (സാധാരണ ബൾബ്, ഫ്ലൂറസെന്റ് ട്യൂബ്.സി.എഫ്.എൽ. എൽ.ഇ.ഡി) 22.01.2016 ൽ ലഭ്യമാക്കിയത് പ്രകാരം കെ.എസ്സ്.ഇ.ബി ലിമിറ്റഡ് ഈടാക്കുന്നത് 527 സാധാരണ ബൾബുകൾ ഉൾപ്പെടുന്ന തെരുവ് വിളക്കുകളുടെ കണക്കും അതിനുള്ള നിരക്കുമാണ്. കഴിഞ്ഞ കാല പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് സ്ഥാപിച്ച വൈദ്യുതി വിളക്കുകളെല്ലാം തന്നെ എൽ.ഇ.ഡി, സ്.എഫ്.എൽ വിളക്കുകളാണെന്നിരിക്കെ 597 സാധാരണബൾബുകൾ ഗ്രാമപഞ്ചായത്ത് പരിധിയിലിപ്പോഴും പ്രവർത്തിച്ചുവരുന്നുവെന്നത് യഥാർത്ഥമല്ലാത്ത കണക്കാണ്. ഊർജ്ജകാര്യക്ഷമത കൂടിയ സി.എഫ്.എൽ /എൽ.ഇ.ഡി വിളക്കുകൾക്ക് കെ.എസ്സ്.ഇ.ബി ഈടാക്കുന്ന വൈദ്യുതനിരക്ക് കുറവാണ്. എന്നാൽ കൃത്യമല്ലാത്ത കണക്കുകളിൻമേലാണ് കെ.എസ്സ്.ഇ.ബി വൈദ്യുതിചാർജ് ഈടാക്കുന്നത്. പഞ്ചായത്ത് വൈദ്യുതവിളക്കുകളുടെ മീറ്ററിംഗിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടുമില്ല. അയഥാർത്ഥമായ കണക്കുകളിൽ ഉയർന്നവൈദ്യുതി ബിൽ തുക നൽകുന്നത് തനതുഫണ്ട് വരുമാനം താരതമ്യേന കുറഞ്ഞ പഞ്ചായത്തിന് ഭൂഷണമല്ല. കെ.എസ്സ്.ഇ.ബി ലിമിറ്റഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വഴിവിളക്കുകളുടെ കൃത്യമായ കണക്ക് തയ്യാറാക്കേണ്ടതും സമീപഭാവിയിൽ തന്നെ തെരുവ് വിളക്കുകളിൽ മീറ്ററുകൾ ഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-4 ആവശ്യാധിഷ്ഠിതമല്ലാത്ത പർച്ചേസ്-ഹൈ-സ്പീഡ് സ്കാനർ ഉപയോഗിക്കുന്നില്ല .

കാനൻ കമ്പനിയുടെ ഫ്ലാറ്റ് ബെഡ് ഹൈ-സ്പീഡ്, ഹൈ-റെസൊല്യൂഷൻ സ്കാനർ (142439 രൂപ /പ്രോ.നം-377/16 പഞ്ചായത്ത് ഓഫീസിലേക്ക് യു.പി.എസ്സും ഹൈ-സ്പീഡ് സ്കാനറും വാങ്ങൽ എന്ന പ്രോ.പ്രകാരം)

വാങ്ങിയിട്ടുണ്ട്. എന്നാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി താൽകാലിക സംവിധാനത്തിൽ പ്രാവർത്തിക്കുന്ന ഫ്രണ്ട് ഓഫീസിൽ ഇത് പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനത്തിലേക്ക് പഞ്ചായത്ത് സജ്ജമായിട്ടില്ല. സൂചിക , സങ്കേതം എന്നീ സോഫ്റ്റ് വെയറുകൾ പൂർണ്ണമായതോതിൽ പഞ്ചായത്തിൽ ഉപയോഗിക്കുന്നില്ല. ഹൈ-സ്പീഡ് സ്കാനറിന്റെ നിലവിലെ ഉപയോഗം സംബന്ധിച്ച് നിലവിലെ സ്ഥിതി അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ടി സ്കാനർ വിജയകരമായി പ്രവർത്തിച്ചിരുന്നുവെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിരുന്നു. എന്നാൽ പുതുതായി നിർമ്മാണം ആരംഭിക്കുന്ന ഓഫീസ് കെട്ടിടത്തിലെ പുതിയ ഫ്രണ്ട് ഓഫീസ് സജ്ജമാകുന്നത് വരെ ടി സ്കാനറ പ്രവർത്തിപ്പിക്കാതെ സൂക്ഷിക്കുന്നത്, ടി ഉപകരണത്തിന്റെ പ്രവർത്തനക്ഷമതയെ ബാധിക്കുന്ന കാര്യമാണ്. കൂടാതെ ഉപകരണത്തിന്റെ വാറന്റി കാലഘട്ടം ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കില്ല. ഓഡിറ്റ് സമാപനയോഗത്തിൽ വിഷയം അവതരിപ്പിച്ചപ്പോൾ സ്കാനർ താൽകാലിക ഓഫീസിൽ ഉപയോഗിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. സ്കാനർ താൽകാലിക ഓഫീസിൽ പ്രവർത്തനക്ഷമമാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-5 ഭവന പുനരുദ്ധാരണത്തിന് നൽകാനുള്ള ഡി.ഡി.മാറി കൈവശം സൂക്ഷിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം.S0329/16, ഭവനപുനരുദ്ധാരണം

അടങ്കൽ-1237500 (വികസനഫണ്ട്-എസ്.സി.പി)

2015-16 വാർഷിക പദ്ധതിയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായുള്ള ഭവന പുനരുദ്ധാരണം പ്രോജക്ട്പ്രകാരം 1237500രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി തുക പിൻവലിച്ചെങ്കിലും ഒരു ഗുണഭോക്താവിന് ഡിഡി കൈമാറാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൈവശം സൂക്ഷിക്കുന്നതായി ബോധ്യപ്പെട്ടു. ശ്രീ.പാപ്പൻ.പി.ഡി, പുല്ലൂർ പ്ലാവുങ്കൽ എന്ന ഗുണഭോക്താവിന് നൽകുന്നതിനുള്ള 25000രൂപയുടെ ഡിഡി (നം 058792/27.7.16)കൈമാറിയിട്ടില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അനധികൃതമായി കൈവശം സൂക്ഷിക്കുന്നത് 12.4.2006 ലെ ജി.ഒ.പി 177/2006 ധനം ഉത്തരവിനു വിരുദ്ധമാണ്. ഡിഡി നാളിതുവരെമായിട്ടും കൈമാറാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൈവശം സൂക്ഷിക്കുന്നതിന് ഓഡിറ്റിൽ വിശദീകരണം നൽകുന്നതിന് എൻക്വയറി (എൻക്വയറി നം.9) നൽകിയിരുന്നു. ആയതു പ്രകാരം ഗുണഭോക്താവിന് ഡിഡി കൈമാറിയതായി വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേലിൽ ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൌരറാന്തൽ -സൗരറാന്തലുകളുടെ വിതരണം പൂർത്തിയായില്ല

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം.S0382/16, പട്ടികജാതി വിദ്യാർത്ഥികൾക്ക് സൌരറാന്തൽ

അടങ്കൽ-410000(വികസനഫണ്ട്-എസ്.സി.പി)

മേൽ പ്രോജക്ടിനായി 335400രൂപ (ബിൽ നം.15/15-16/31.3.16) പിൻവലിച്ച് ഡി.ഡി.നം. 057639/2.4.16 പ്രകാരം കേരള സ്റ്റേറ്റ് എന്റർപ്രൈസസ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകി. വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും ഉള്ളതിനാൽ വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടാതിരിക്കുന്നതിനായി നടപ്പാക്കിയ പ്രോജക്ട് പ്രകാരം 120 എൽ.ഇ.ഡി. സൌരറാന്തൽ 2767.32+14.5% വാറ്റുൾപ്പെടെ 335400 രൂപയ്ക്ക് വാങ്ങി. കേരള സ്റ്റേറ്റ് എന്റർപ്രൈസസ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ടെൻഡർ നടപടികൾ കൂടാതെ ടി സ്ഥാപനത്തിൽ നിന്ന് സൗരറാന്തലുകൾ വാങ്ങുന്നതിന് അംഗീകൃത ഏജൻസിയായി അംഗീകരിച്ച ഉത്തരവ്, സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം എന്നിവ ഹാജരാക്കിയിട്ടുമില്ല.തന്നെയുമല്ല, വിതരണ രജിസ്റ്റർ പ്രകാരം 120 സൌരറാന്തൽ വാങ്ങിയതിൽ 106 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.9) 106 എണ്ണം വിതരണം ചെയ്തതിൽ 6 തകരാറുള്ളതിനാൽ ഗുണഭോക്താക്കൾ തിരികെ ഏൽപ്പിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കി.വിതരണം ചെയ്യാൻ അവശേഷിക്കുന്ന തകരാറുള്ള 20 സൌരറാന്തലുകൾ മാറ്റി നൽകുന്നതിന് പല

തവണ ഏജൻസിക്ക് കത്ത് നൽകിയതായും മറുപടിയിൽ പറയുന്നു. സൌരറാന്തലുകൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നതായി ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. ഏജൻസി മുഖാന്തിരം തകരാറുള്ളവ മാറ്റി വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതാണ്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന സൌരറാന്തലുകളുടെ വിലയായ 55,346 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണക്കാരുടെ നഷ്ടോത്തരവാദിത്തത്തിൽ കോടായവ മാറ്റി ഉപയോഗയോഗ്യമായ സൗരറാന്തലുകൾ വിതരണം ചെയ്യാത്തപക്ഷം 55,346 രൂപ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി കണക്കാക്കുന്നതാണ്.

## 3-7 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ-പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട്നം.ട0204/16

അടങ്കൽ-400000(വികസനഫണ്ട്-എസ് .സി.പി)

ചെലവ് - 400000 രൂപ( ബിൽ നം.14/15-16/17.1.16)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ എന്ന പ്രോജക്ട് പ്രകാരം ഫർണ്ണിച്ചർ വാങ്ങുന്നതിനായി മാനേജർ, സിഡ്ക്കോയ്ക്ക് ഡി.ഡി.നം 056883/19.3.16പ്രകാരം 400000 രൂപ നൽകി. വാങ്ങിയ സാധനങ്ങളുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഇനം | എണ്ണം | തുക | ആകെ |
|---|---|---|---|
| സ്റ്റീൽ മേശ | 100 | 2830 | 283000 |
| സ്റ്റീൽ കസേര | 100 | 662 | 66200 |
| | | | 349200 |
| | | വാറ്റ് 14.5% | 50634 |
| | | ഡലിവറി ചാർജ്ജ് | 166 |
| ആകെ | | | 400000 |

പ്രോജക്ട് നടപ്പാക്കിയതിൽ ചുവടെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. സ്റ്റോക്ക രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2. വിതരണ രജിസ്റ്റർ പ്രകാരം 100 സ്റ്റീൽ മേശ 100 സ്റ്റീൽ കസേര എന്നിവ വാങ്ങിയതിൽ 96 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

3. സിഡ്ക്കോയുമായി എഗ്രിമെന്റ് വച്ചിട്ടുള്ളത് 3/2016 ലാണ്. ഡി.ഡി സിഡ്ക്കോയ്ക്ക് നൽകിയത് 6/2016 ലായതിനാൽ ആയത് റീവാലിഡേറ്റ് ചെയ്യുന്നതിന് സിഡ്ക്കോ തിരികെ നൽകിയതായി ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു.

പ്രോജക്ടിന്റെ നടപടികൾ ആരംഭിക്കുന്നതിന് മുൻപ് ബിൽ മാറാനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതും വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്യാത്തതിന് വിശദീകരണം നൽകുന്നതിനായി നൽകിയ എൻക്വയറിയ്ക്കുള്ള (എൻക്വയറി നം.9) മറുപടിയിൽ 97 എണ്ണം വിതരണം ചെയ്തതായി പറയുന്നുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം 96 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത് (വിതരണ രജിസ്റ്ററിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) വിതരണം ചെയ്യാനവശേഷിക്കുന്ന ഫർണ്ണിച്ചറുകളുടെ വിലയായ 16,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടില്ല,

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ട് പ്രകാരം ലഭിച്ച ആനുകൂല്യം വിതരണ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടില്ലാത്തതായി ബോധ്യപ്പെട്ടു.വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| പ്രോജക്ട് നം/ പേര് | അടങ്കൽ | കൈപ്പറ്റാത്തവരുടെ പേരുവിവരം | നൽകേണ്ട തുക | ഡി.ഡി.നം/ തീയതി |
|---|---|---|---|---|
| 325/16 (പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ) | 25000(25000x1) | രേഷ്മ രാമചന്ദ്രൻ തുടിയംപ്ലാക്കൽ | 25000 | 057669/2.4.16 |
| 205/16 (പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ) | 175000(25000x7) | അരുൺ.പി.ആർ പൊടിപാറ | 25000 | 057642/2.4.16 |
| ആകെ | | | 50000 | |

ടി ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ

ലഭ്യമാക്കുന്നതിന് എൻക്വയറി (എൻക്വയറി നം.9) നൽകിയിരുന്നു.എന്നാൽ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കുന്നതായി മറുപടി ലഭ്യമാക്കിയെങ്കിലും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ 50000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-9 <u>കാലിത്തീറ്റ വിതരണം -അധിക സബ്സിഡി നൽകി</u>

നിർവ്വഹണം- ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം (പ്രോജക്ട് നം.363/16) എന്ന പ്രോജക്ടിനായി 300000 രൂപ (170000-വികസനഫണ്ട് 130000-തനതുഫണ്ട്) അടങ്കൽ വകയിരുത്തിയിരുന്നു. മേൽ പ്രോജക്ടിനായി 170000 രൂപ ഡി.ഡി.നം.056791/17.3.16 130000 രൂപ ഡി.ഡി.നം. 056792/17.3.16 പ്രകാരം സീനിയർ മാനേജർ,കെ.സി.എം.എം.എഫ്, പട്ടണക്കാട് എന്ന സ്ഥാപനത്തിന് നൽകി. ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് സംഘത്തിൽ അളന്ന പാലിന് ആനുപാതികമായി ഒരു ലിറ്റർ പാലിന് 3 രൂപയുടെ കാലിത്തീറ്റ 4 ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുണ്ട്. ജി.ഒ.ആർ റ്റി.1102/14 തസ്വഭവ 8.5.14 പ്രകാരം ക്ഷീര കർഷകർക്ക് ഒരു വർഷത്തേക്ക് നല്കാവുന്ന പരമാവധി കാലിത്തീറ്റ സബ്സിഡി തുക 14000 രൂപയാണ്. എന്നാൽ, കാലിത്തീറ്റ വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം കൊന്നക്കുളം ക്ഷീരോത്പാദക സഹകരണ സംഘത്തിൽ നിന്നുള്ള 2 പേർക്ക് കാലിത്തീറ്റ സബ്സിഡി അധികം നൽകിയതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പാൽ അളവ് | നൽകിയ സബ്സിഡി | അധികം നൽകിയത് |
|---|---|---|---|
| ശ്രീ.ജെയിംസ്.പി.ജേക്കബ്ബ് | 8543 | 25629 | 11629 |
| ശ്രീ.ജെയിംസ് ജോസഫ് | 6075 | 18225 | 4225 |
| ആകെ | | | 15854 |

സബ്സിഡി തുക അധികം നൽകിയതിന് വിശദീകരണം നൽകുന്നതിനായി നൽകിയ എൻക്വയറിക്ക്(നം.18) ഡയറി എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ സബ്സിഡി തുക സർക്കാരിലേക്ക് ഒടുക്കുന്നതാണെന്ന് അറിയിച്ചു. സബ്സിഡിയിനത്തിൽ അധികം നൽകിയ 15854/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഒടുക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 3-10 <u>കാർഷിക വിപണനകേന്ദ്രം മെയിന്റനൻസ്-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ</u>

| പ്രോ.നം | 258/16 | 293/16 | 283/16 |
|---|---|---|---|
| അടങ്കൽ | 3,50,000 | 2,30,000 | 1,00,000 |
| ചെലവ് | 3,50,000 | 2,29,212 | 98,305 |

| | | | |
|---|---|---|---|
| | DDNo58047/6-4-16 | DDNo58046/6-4-16 | DDNo56273/1-3-16 |
| കൺവീനർ | തോമസ് ജോസഫ്, പൂവത്തുങ്കൽ | തോമസ് ജോസഫ്, പൂവത്തുങ്കൽ | തോമസ് ജോസഫ്, പൂവത്തുങ്കൽ |
| എഗ്രിമെന്റ് നം | 88/AE/LSGD /MGP/2014-15 dt 12-3-15 | 87/AE/LSGD/MGP/2014-15 dt 12-3-15 | 86/AE/LSGD/MGP/2014-15 dt 12-3-15 |
| എം.ബുക്ക് നം | 865/14-15 | 864/14-15 | 863/14-15 |

1) 258/16, 293/16, 283/16 എന്നീ മൂന്ന് പ്രോജക്റ്റുകൾ പ്രകാരം കൃഷിഭവന സമീപമുള്ള കാർഷിക വിപണനകേന്ദ്രം കെട്ടിടത്തിന്റെ മെയിന്റനൻസ് നടത്തിയിരുന്നു. കോളം, ബീമുകൾ, റൂഫ് എന്നീ സ്ട്രക്ച്ചറൽ വർക്കുകൾ ചെയ്തിരുന്ന, സെല്ലാറിൽ 3മുറികളും ഗ്രൗണ്ട് ഫ്ലോറിൽ ഹാൾ എന്നിവയുമുള്ള കാർഷിക വിപണനകേന്ദ്രം കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി ഇഷ്ടികകെട്ട്, ജനലുകൾ, റോളിങ്ങ് ഷട്ടർ, വാൾ&റൂഫ് പ്ലാസ്റ്ററിങ്ങ്, ഫ്ലോറിങ്ങ്, ടൈൽ പാകൽ, ഇന്റർലോക്ക് ടൈൽ പാകൽ എന്നീ പ്രവൃത്തികൾ മൂന്ന് പ്രോജക്റ്റുകളിലുമായി ഉൾപ്പെടുത്തിയിരുന്നു.

258/16 നം പ്രോജക്റ്റിന്റെ (അടങ്കൽ-3,50,000) എസ്റ്റിമേറ്റിലും എംബുക്കിലും (നം865/14-15) 14-മത്തെ ഇനമായി precast Septic tank, 15-മത്തെ ഇനമായി European type WC pan, 16-മത്തെ ഇനമായി 110mm PVC പൈപ്പ് സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ടോയ് ലറ്റിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നില്ല. 7-12-16 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത സ്ഥലത്ത് ടോയ് ലറ്റ്, European type WC pan, precast Septic tank എന്നിവ സ്ഥാപിച്ചതായി കാണുവാൻ സാധിച്ചില്ല. കൂടാതെ സെപ്റ്റിക് ടാങ്ക് വാങ്ങിയതിന്റെ ബില്ലും കൺവീനർ ഹാജരാക്കിയിരുന്നില്ല. Item No16 പ്രകാരമുള്ള 110mm PVC പൈപ്പ് സ്ഥാപിക്കൽ ഈ കാരണം കൊണ്ട് അംഗീകരിക്കുവാൻ സാധിക്കുകയില്ല. European type WC pan സ്ഥാപിച്ചതിനായി നൽകിയ 3117/-രൂപ, precast Septic tank സ്ഥാപിച്ചതിനായി നൽകിയ 9000രൂപ, 110mm PVC pipe സ്ഥാപിച്ചതിനായി നൽകിയ 1173/-രൂപ എന്നിവയുൾപ്പടെ 13290/-രൂപയുടെ ചെലവുകൾ നിരാകരിക്കുന്നു. ടി തുക ടോയ്‌ലറ്റ് ഇല്ലാത്ത കെട്ടിടത്തിന് വേണ്ടി മേൽ പറഞ്ഞവ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും അളവുകളെടുക്കുകയും ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ കെട്ടിടനിർമ്മാണചട്ടങ്ങൾ പ്രകാരം രണ്ടു നിലകളിലായുള്ള പ്രസ്തുത കെട്ടിടത്തിന് ടോയ് ലറ്റിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തേണ്ടിയിരുന്നു. ആയത് ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2)പ്രസ്തുത പ്രോജക്റ്റിന്റെ 4-മത്തെ ഇനമായി solid block masonary 8.624 m3 ചെയ്യുന്നതിന് 3570/ m3 പ്രകാരം 30,787/- രൂപയ്ക്ക് പകരം 48035/- രൂപ നൽകിയത് മൂലം അധികം തുക നൽകാനിടയായിട്ടുണ്ട്.

| | നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|
| ആകെ വേലമൂല്യം | 326724 | 343572 | |
| VAT 5% | (+) 16336 | (+)17179 | 843 |
| kcwwf | (+)3267 | (+)3436 | 169 |
| ആകെ | 346327 | 364187 | |
| DeductionVat 5%<br>IT 2% | (-)16336<br>(-)6534 | (-)17179<br>(-)6871 | |

| | | | |
|---|---|---|---|
| Kcwwf 1% | (-)3267 | (-)3436 | |
| | 320190 | 322514 | 2324 |

അധികം നൽകിയ 2324/- രൂപ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

3) 293/16 നം പ്രോജക്റ്റ് (അടങ്കൽ 2,30,000/-) 2014-15 വർഷം തയ്യാറാക്കി അംഗീകാരം ലഭ്യമായിരുന്നത് (273/15) ടെൻഡർ മുഖേന നിർവ്വഹണം നടത്തുന്നതിനാണ്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതും നടപ്പാക്കിയതും ഗുണഭോക്തൃസമിതി മുഖേനയാണ്. ഇത്തരത്തിൽ പ്രോജക്റ്റിന്റെ നിർവ്വഹണരീതി മാറ്റിയതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം ലഭിച്ചതായും കാണുന്നില്ല.

4) പ്രോജക്റ്റ് 283/16 കായികപരിശീലനകേന്ദ്രത്തിന് കെട്ടിടം -പ്രസ്തുത പ്രോജക്റ്റിൽ പ്പെടുത്തി കാർഷിക വിപണനകേന്ദ്രത്തിന്റെ കെട്ടിടത്തിന്റെ സെല്ലാറിൽ ഒരു മുറിയുടെ മെയിന്റനൻസാണ് ചെയ്തിരിക്കുന്നത്. സ്ഥലപരിശോധനയിൽ ടി മുറിയിൽ കൈത്തറി നൂൽ സംസ്കരണകേന്ദ്രമായി പ്രവൃത്തിക്കുന്നതായി കണ്ടെത്തി. കായികപരിശീലനം എന്ന പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. കായികപരിശീലനം ലക്ഷ്യമിട്ട് തയ്യാറാക്കിയ മുറികൾ പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽപറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം 20) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായിരുന്നില്ല. അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ചൊവ്വാലിഅംഗൻവാടി- മോട്ടോർ, പൈപ്പ്, ടാങ്ക്സ്ഥാപിക്കൽ – വൈദ്യുതികണക്ഷൻ ലഭ്യമാകാത്തതിനാൽ പ്രവർത്തനക്ഷമമായിട്ടില്ല

| | |
|---|---|
| പ്രോ.നം | 372/15-16 |
| അടങ്കൽ | 52,998/- (റോഡിതര മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് | 51979 |
| കൺവീനർ | ശ്രീ. ജോസഫ് ചാക്കോ, അഞ്ചാനിയിൽ |
| എഗ്രിമെന്റ് നം | 81/AE/Lsgd//15-16 dt20-1-16 |
| എം ബുക്ക് നം | 765/15-16 |

പ്രോ. നം 372/16 പ്രകാരം തയ്യാറാക്കിയ പ്രസ്തുത പ്രോജക്ടിന്റെ എസ്റ്റിമേറ്റ് പ്രകാരം നം20ചൊവ്വാലി അംഗൻവാടിയിലെ കുഴൽക്കിണറിന് 1HP മോട്ടോർ സ്ഥാപിക്കൽ(including supplying necessary accecessories such as starter footvalve, suction pipe, delivery pipe, panel board, ELCB etc), ടാങ്കിൽ നിന്നും ജലവിതരണത്തിനുള്ള 40mm dia HDPE pipe (43m) എന്നിവയ്ക്കായി തുക വകയിരുത്തിയിരുന്നു. എംബുക്ക് പേജ് 22,23 പ്രകാരം മേൽപ്പറഞ്ഞ ഇനങ്ങൾക്ക് യഥാക്രമം 20,000/-, 6235/- രൂപ വീതം നൽകിയിരുന്നു. കൂടാതെ പ്രോജക്ട് നം 373/16 പ്രകാരം 500 ലിറ്റർ കപ്പാസിറ്റിയുള്ള ഒരു വാട്ടർ ടാങ്കും വാങ്ങി നൽകിയിരുന്നു. വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ നിലവിൽ മോട്ടോർ സ്ഥാപിക്കാതെ അംഗൻവാടിക്കുള്ളിൽ സൂക്ഷിക്കുന്നതായി അറിയാൻ കഴിഞ്ഞു. വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിന് മുൻപ് തന്നെ മോട്ടോർ(10-2-16ൽലഭിച്ചത്) വാങ്ങി സൂക്ഷിച്ചതും HDPE pipeസ്ഥാപിക്കാതിരുന്നതും വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 19) മറുപടി ലഭിച്ചിരുന്നില്ല. വയറിങ്ങ് പൂർത്തിയായിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തത് മൂലമാണ് മോട്ടോറും പൈപ്പുകളും സ്ഥാപിക്കാതിരുന്നത് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ

അറിയിച്ചു. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി മോട്ടോറും പൈപ്പുകളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ആയതുവരെ മോട്ടോറും പൈപ്പുകളും സ്ഥാപിച്ചതിനായി ചെലവഴിച്ച 26,235/-(20,000+6235)രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ടാറിങ്ങ് റീടാറിംഗ്പ്രവൃത്തികൾ- ബിറ്റുമിന്റെ ബാരൽ വില ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം അസിസ്റ്റന്റ്എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ്പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ളത് വി.ജി.30 ഗ്രേഡ് ബിറ്റുമിൻ ആണ്. DSR പ്രകാരമുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക സീൽഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ മടക്കി വാങ്ങുകയോ അല്ലെങ്കിൽ ആയതിന്റെ വില(250+12.5%VAT) ബില്ലിൽ കുറച്ച ശേഷം കരാറുകാരന്/കൺവീനർക്ക് തുക നൽകുകയോ ചെയ്യേണ്ടതായിരുന്നു. ഇതുചെയ്യാത്തതുമൂലം പഞ്ചായത്തിന് കരാറുകാരന്/കൺവീനർക്ക് അധികം തുക നൽകുവാൻ ഇടയായിട്ടുണ്ട്. ബാരൽ വില തിരികെ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം) മറുപടിയായി DSRൽ ബൾക്ക് ബിറ്റുമിന്റെ നിരക്കാണെന്നധാരണയിലാണ് ബാരൽ വില ഈടാക്കാതിരുന്നതെന്നും അസി.എക്സി.എഞ്ചിയറുടെ ഓഫീസിൽ നിന്നും ഇത് സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ ലഭിച്ചിരുന്നില്ലായെന്നും അറിയിച്ചു. മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തൻവർഷം പ്രവൃത്തികളിൽ ഉപയോഗിച്ച ബിറ്റുമിന്റെ ബാരൽ വില കണക്കാക്കി ഈടാക്കേണ്ടതാണ്. വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-13 ആലപ്ര സ്കൂൾ കഞ്ഞിപ്പുര-സ്ട്രക്ച്ചർ മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കി- പണി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോ.നം | 257/15-16 |
| അടങ്കൽ | 1,58,921/- (റോഡിതര മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് | 1,58,921/- ( ഡി.ഡി നം 740118/25-06-2015) |
| കൺവീനർ | ശ്രീമതി ബിന്ദുമോൾ.കെ.ജി |
| എഗ്രിമെന്റ് നം | 78/AE/Lsgd//14-15 dt 4-3-15 |

ആലപ്ര എൽ.പി.സ്കൂളിൽ കഞ്ഞിപ്പുര നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പ്രസ്തുത പ്രൊജക്റ്റ് പ്രകാരം ഭിത്തി കെട്ടി റൂഫ് കോൺക്രീറ്റിങ്ങ് വരെയുള്ള ജോലികൾ പൂർത്തിയാക്കിയിരുന്നു. കഞ്ഞിപ്പുരയ്ക്കായുള്ള അടുപ്പ്, വാട്ടർ സപ്ലൈ, വൈദ്യുതി കണക്ഷൻ, ജനാലകൾ, വാതിലുകൾ എന്നിവ പൂർത്തിയാക്കാനവശേഷിക്കുന്നു. ജി.ഒ (എംഎസ്) 362/2013തസ്വഭവ16-11-13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണപ്രോജക്റ്റ് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്റ്റായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു.

എന്നാൽ പ്രസ്തുത നിർദേശങ്ങൾക്ക് വിരുദ്ധമായി സ്ട്രക്ച്ചർ മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ഇനങ്ങളാണ് ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ഇത് ശരിയായ നടപടിയല്ല. രണ്ടാം ഘട്ടമായി പ്രോജക്റ്റിന്റെ ബാക്കി പണികൾ ഏറ്റെടുത്ത് പൂർത്തീകരിക്കേണ്ടതാണ്. കഞ്ഞിപ്പുര നിലവിൽ അംഗൻവാടി കെട്ടിടത്തിനുള്ളിലാണ് പ്രവർത്തിക്കുന്നത്. ഇത് അംഗൻവാടിക്ക് സുരക്ഷാഭീഷണിയുണ്ടാക്കുന്നതാണ്. സ്ട്രക്ച്ചർ പണി മാത്രം പൂർത്തീകരിച്ചതും കഞ്ഞിപ്പുര പൂർത്തീകരണം ലക്ഷ്യം കൈവരിക്കാത്തതും മുൻനിർത്തി ഈയിനത്തിൽ ചെലവഴിച്ച 1,58,921/-/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 ആശ്രയ പദ്ധതി -ലക്ഷ്യത്തിലെത്തുന്നില്ല.

നിരാശ്രയരായ അഗതികുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയുടെ നടത്തിപ്പിനായി സർവ്വെ നടത്തി 81 പേർക്ക് സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 2006-2009കാലയളവിൽ 1-ാം ഘട്ട പ്രോജക്റ്റ് ആരംഭിച്ചു. പ്രസ്തുത പ്രോജക്ടിനായി ആരംഭിച്ച അക്കൗണ്ടിൽ 31.3.16

പ്രകാരം 68324രൂപ ബാലൻസ് ഉണ്ട്.2009ൽ 1-ാം ഘട്ട പ്രോജക്ട് അവസാനിച്ചു. ആദ്യഘട്ടത്തിലെ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് യാതൊരു സേവനങ്ങളും 2009നു ശേഷം നല്കിയിട്ടില്ല. തന്നെയുമല്ല 21.7.2010ൽ ഡി.ഡി നം.084713 പ്രകാരം 30355 രൂപ ആശ്രയയ്ക്കായി വന്നത് പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു.ടി തുകയും അക്കൗണ്ടിൽ ബാലൻസ് നില്ക്കുന്ന ഫണ്ടും ഉപയോഗിച്ച് തുടർ പ്രോജക്ടിനുള്ള സർവ്വേ നടത്തി ഗുണഭോക്താക്കൾക്ക് സേവനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2 -ാം ഘട്ട പ്രോജക്ട് 2014-2017കാലയളവിലേക്കായി ആരംഭിച്ചു. ടി പ്രോജക്ടു പ്രകാരം 88 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്.പ്രസ്തുത പദ്ധതിക്കായി ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ചലഞ്ച് ഫണ്ട് | 572266 | 618400(പ്ലാൻ ഫണ്ടിൽ നിന്നും36134രൂപ ചെലവഴിച്ചിട്ടുണ്ട്) |
| പ്ലാൻ ഫണ്ട് | 1835000 | 449000 |

രണ്ടാം ഘട്ടപ്രോജക്ടിനായി ലഭിച്ച ചലഞ്ച് ഫണ്ടിൽ തുക അവശേഷിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് ഭക്ഷണവിതരണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 36134 രൂപ ചെലവഴിച്ചിട്ടുണ്ട്.അക്കൗണ്ടിൽ15.9.16 പ്രകാരം പലിശയുൾപ്പെടെ 1389480 രൂപ ബാലൻസുണ്ട്.പ്രോജക്ട് പ്രകാരം സേവനം ലഭിച്ചവരുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഇനം | ഒന്നാം ഘട്ട പ്രോജക്ട് | രണ്ടാം ഘട്ടപ്രോജക്ട് |
|---|---|---|
| പ്രോജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ | 81 | 88 |
| വീട് വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 8 | 3 |
| നാളിതുവരെ ലഭിച്ചവർ | 5 | 1 |
| വീട് ആവശ്യമുള്ളവർ | 25 | 11 |
| നാളിതുവരെ ലഭിച്ചവർ | 18 | 1 |
| വീട് പുനരുദ്ധാരണം ആവശ്യമുള്ളവർ | 47 | 45 |
| നാളിതുവരെ ലഭിച്ചവർ | 39 | 7 |
| കക്കൂസ് ആവശ്യമുള്ളവർ | 31 | 49 |
| നാളിതുവരെ ലഭിച്ചവർ | 16 | 5 |
| കുടി വെള്ളം ആവശ്യമുള്ളവർ | 22 | 50 |
| നാളിതുവരെ ലഭിച്ചവർ | 14 | 0 |
| വൈദ്യുതി ആവശ്യമുള്ളവർ | 36 | 10 |
| നാളിതുവരെ ലഭിച്ചവർ | 32 | 1 |

ആശ്രയ പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ അധികാരികൾ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും അഗതികളുടെ പുനരധിവാസത്തിനായി സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-15 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 2015-16വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2015-16 വർഷം സാങ്കേതികാനുമതി ലഭിച്ച 162 പ്രോജക്ടുകളിൽ ഇവയിൽ 151 എണ്ണം നടപ്പാക്കി. 2015-16വർഷം 68283 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 120 അയൽക്കൂട്ടങ്ങൾ പദ്ധതികളുമായി സഹകരിച്ചു. ഒരു ഗ്രാമസഭയിൽ മാത്രമേ സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളു.

ജലസംരക്ഷണവും മഴക്കൊയ്ത്തും, പുരയിടം കൃഷിയോഗ്യമാക്കൽ, നീർക്കുഴി കല്ലുകയ്യാല നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കി.എന്നാൽ സ്ഥിരമായ ആസ്തി സൃഷ്ടിക്കുന്ന തരത്തിലുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. പരാതികൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ നൽകുന്ന സേവനങ്ങളെ സംബന്ധിച്ചും അതിന്റെ നിബന്ധനകളെ സംബന്ധിച്ചും പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ചും പ്രത്യേക ബോർഡ് സ്ഥാപിച്ചിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,00,000 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,00,000 | പാലിയേറ്റീവ് കെയർ | 0 | 1,00,000 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽക്കിണർ നിർമ്മാണം | DD No.63850/19-2-16<br>DDNo 63854/19-2-16 | 221950<br>27065 | 0<br>0 | 221950<br>27065 |
| "ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽക്കിണർ നിർമ്മാണം<br>വാർഡ് 6, എകെ കവല | DD 57155/29-3-16 | 70500 | 0 | 70500 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത്പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,07,500/-രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം

തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജിഒ.എംഎസ്.1317/2010 എൽ.എസ്.ജി.ഡി. തീ. 16.04.10 | 1,53,51,000 | 6,44,947 +107500 | 699947 | -- | 52500 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 83448 |
| തൻവർഷം നിക്ഷേപിച്ച തുക | 8971(പലിശ) |
| ആകെ | 92419 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 92419 (മണിമല SCBഅക്കൗണ്ട് നം 3325) |

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 51,111/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2004-05 | 2-5(a) | 117 | ശ്രീ.ജോസ് മാത്യു | 11503101412/16-10-15 |
| 2004-05 | 2-5(b) | 70 | ജോഷി തോമസ് | 11503101413/16-10-15 |
| 2004-05 | 2-8 | 50 | ജോയിസ് സെബാസ്റ്റ്യൻ | 11503101414/16-10-15 |
| 2004-05 | 2-4(1) | 120 | കെ.റ്റി.തങ്കച്ചൻ | 11503101415/16-10-15 |
| 2004-05 | 2-4(1) | 250 | രാമചന്ദ്രൻ നായർ | 11503101423/19-10-15 |
| 2007-08 | 3-1 | 550 | വിനോജ് മാത്യു, പ്യൂൺ | 11503101632/1-12-15 |
| 2007-08 | 3-1 | 192 | എസ്.രാജഗോപാൽ, എച്ച്.സി | 11503102463/3-3-16 |
| 2007-08 | 3-1 | 550 | റ്റി.എസ്.അനിൽകുമാർ യു.ഡി.സി | 11503102546/8-3-16 |
| 2013-14 | 3-1 | 48865 | എ.കെ.സരോജം, യു.ഡി.സി | 11503102972/14-3-16 |
| 2007-08 | 3-1 | 467 | ഇ.കെ.രാജു, യു.ഡി.സി | 11503103633/30-3-16 |

| | | |
|---|---|---|
| ആകെ | 51111 | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01,2001-02 ജനകീയാസൂത്രണം | 1 | 2003-04 | 3 – 5 -1 | ജലസേചന പദ്ധതികളിൽ പാഴ്ച്ചെലവ് | - |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് കൂടാതെ) | 32685403 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52955043 |
| വരവിനങ്ങളിലുള്ള നഷ്ടം | 5905 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 31468 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,50,954 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2-2 | 5905 | | ശ്രീ.വി.ജി ജയകുമാർ, സെക്രട്ടറി |
| 3-9 | | 15854 | ശ്രീമതി.സുശീല എൻ.ബി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-10(1) | | 13290 | ശ്രീ.എം.റഹിം, അസി.എഞ്ചിനീയർ |
| 3-10(2) | | 2324 | ശ്രീ.എം.റഹിം, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 5905 | 31468 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4,02,520 | ശ്രീ.വി.ജി ജയകുമാർ, സെക്രട്ടറി |
| 3-1 | 41,200 | ശ്രീ മുഹമ്മദ് റഖീബ് റ്റി.എസ്സ്, അസി.സെക്രട്ടറി |
| 3-2 | 7,00,732 | ശ്രീ.വി.ജി ജയകുമാർ, സെക്രട്ടറി |

| | | |
|---|---|---|
| 3-6 | 55,346 | ശ്രീ മുഹമ്മദ് റഖീബ് റ്റി.എസ്സ്, അസി.സെക്രട്ടറി |
| 3-7 | 16,000 | ശ്രീ മുഹമ്മദ് റഖീബ് റ്റി.എസ്സ്, അസി.സെക്രട്ടറി |
| 3-8 | 50,000 | ശ്രീ മുഹമ്മദ് റഖീബ് റ്റി.എസ്സ്, അസി.സെക്രട്ടറി |
| 3-11 | 26,235 | ശ്രീ.എം.റഹീം, അസി.എൻജിനീയർ |
| 3-13 | 1,58,921 | ശ്രീ.എം.റഹീം, അസി.എൻജിനീയർ |
| ആകെ | 14,50,954 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.ജി ജയകുമാർ, സെക്രട്ടറി | സെക്രട്ടറി, മണിമല ഗ്രാമപഞ്ചായത്ത് | വരിക്കമാക്കൽ, ചെറുവള്ളി പി.ഒ |
| ശ്രീ.എം.റഹീം, അസി.എൻജിനീയർ | അസി.എൻജിനീയർ, മണിമല ഗ്രാമപഞ്ചായത്ത് | കക്കാട്ട് കുടിവള വീട്<br>ചൂണ്ടിക്കൽ പി.ഒ,<br>കിളിമാനൂർ |
| ശ്രീമതി.സുശീല എൻ.ബി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസ്, കാഞ്ഞിരപ്പള്ളി | തകടിക്കൽ<br>തെക്കേത്തുകവല പി.ഒ<br>പൊൻകുന്നം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97വരവ് | എൽ.എഫ്.കെ.പി 13/922/അദാലത്ത് 14/28.11.14 | 1 |
| 1997-98 ചെലവ് | എൽ.എഫ്.കെ.പി 13/923/അദാലത്ത് 14/28.11.14 | 7 |
| 1997-98 വരവ് | എൽ.എഫ്.കെ.പി 9/1233/07/2.1.09 | - |
| 1998-99 ചെലവ് | എൽ.എഫ്.കെ.പി 13/527/അദാ./14/23.12.14 | 16 |
| 1998-99 വരവ് | എൽ.എഫ്.കെ.പി 13/572/അദാ./14/7.1.15 | 4 |

| | | |
|---|---|---|
| 1999-00 | എൽ.എഫ്.കെ.പി 13/653/ അദാ./14/7.1.15 | 22 |
| 2000-01<br>2001-02 പ്ലാൻ | എൽ.എഫ്.കെ.പി 13/1265(3)/ അദാ./14/23.2.15 | 14 |
| 2000-01 | എൽ.എഫ്.കെ.പി 13/1265(1)/അദാ./14/7.1.15 | 10 |
| 2001-02 | എൽ.എഫ്.കെ.പി 13/1265(2)/അദാ./14/7.1.15 | 6 |
| 2002-03 | എൽ.എഫ്.കെ.പി 13/432/15/11.11.15 | 5 |
| 2003-04 | എൽ.എഫ്.കെ.പി 13/433/15/11.11.15 | 9 |
| 2004-05 | എൽ.എഫ്.കെ.പി 13/1384/15/6.2.16 | 17 |
| 2005-06 | എൽ.എഫ്.കെ.പി 13/434/15/11.11.15 | 7 |
| 2006-07 | എൽ.എഫ്.കെ.പി 13/16/04/17.3.16 | 5 |
| 2007-08 | എൽ.എഫ്.കെ.പി 13/435/16/5.5.16 | 4 |
| 2008-09 | എൽ.എഫ്.കെ.പി 13/59/12/22.2.13/3.5.13 | 25 |
| 2009-10,2010-11 | എൽ.എഫ്.കെ.പി 13/1582/14/30.10.15 | 20 |
| 2011-12 | എൽ.എഫ്.കെ.പി 13/1697/2013/7.10.14/10.12.14 | 25 |
| 2012-13 | എൽ.എഫ്.കെ.പി 13/523/15/8.6.15/7.7.15 | 14 |
| 2013-14 | കെ.എസ്.എ.കെ.ടി.എം.പി13/380/16/6.5.16 | 12 |
| 2014-15 | കെ.എസ്.എ.കെ.ടി.എം.പി13/955/16/14.7.16 | 18 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെഎസ്എ-കെടിഎം.പി.13-1933/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ്കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി:19.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മണിമല ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം